## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 418 10. 03. 2015 ൽ മറുപടിക്ക്

## സി.എഫ്.എൽ, എൽ. ഇ. ഡി. സംസ്കരണം

ചോദ്യം

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്

(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സി.എഫ്.എൽ, എൽ.ഇ.ഡി തുടങ്ങിയ പ്രകാശ ഉപകരണങ്ങളുടെ ഉപയോഗം മനുഷ്യന് ഹാനികരമാണോ എന്നതു പരിശോധിച്ചിട്ടുണ്ടോ; | (എ) | സി.എഫ്.എൽ, എൽ.ഇ.ഡി തുടങ്ങിയ പ്രകാശ ഉപകരണങ്ങളുടെ ഉപയോഗം ഹാനികരമാണോ എന്നതിന് ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടില്ല. സി.എഫ്.എൽ കളിൽ അടങ്ങിയിരിക്കുന്ന മെർക്കുറി കൊണ്ട് പരിസര മലിനീകരണം ഉണ്ടാകുന്നത് മനുഷ്യന് ദോഷകരമാകാം എന്ന് നിരവധി പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഉപയോഗശൂന്യമായവയുടെ സംസ്കരണം നിലവിൽ നടത്തി വരുന്നത് എങ്ങനെയാണ്? | (ബി) & (സി) | ഉപയോഗശൂന്യമായ സി.എഫ്.എൽ കൾ സുരക്ഷിതമായി നശിപ്പിക്കുന്നതിന് റീ സൈക്ലിംഗ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി ഒരു വിശദപഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. വിശദ പഠന റിപ്പോർട്ടിൽ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി ഇതിന്റെ പ്രായോഗികത ചർച്ച ചെയ്ത് അന്തിമ റിപ്പോർട്ട് തയ്യാറാക്കി വരുന്നതേയുള്ളു |
| (സി) | സംസ്കരണത്തിന് എന്തെല്ലാം സംവിധാനങ്ങളാണ് എവിടെ-യെല്ലാമാണ് ഒരുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ | | |

സെക്ഷൻ ഓഫീസർ